**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3916** **15-07-2022 - ൽ മറുപടിയ്ക്ക്**

**കാഷ്വാലിറ്റികളിൽ മുതിർന്ന ഡോക്ടർമാരുടെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഒ.പി. വിഭാഗവും കാഷ്വാലിറ്റികളും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | **സർക്കാർ മെഡിക്കൽ കോളേജുകളിൽ ഒ.പി വിഭാഗം, അത്യാഹിതവിഭാഗം എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളുടെ സേവനനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. തുടർന്ന്, മറ്റ് മെഡിക്കൽ കോളേജിലേയ്ക്കും പദ്ധതി ഘട്ടം ഘട്ടമായി വ്യാപിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി എല്ലാ പരിശോധനാ വിഭാഗങ്ങളിലും അസിസ്റ്റന്റ് പ്രൊഫസർ മുതൽ മുകളിലോട്ടുള്ള ഡോക്ടർമാരുടെ സേവനം ഒ.പി, കാഷ്വാലിറ്റിയിൽ ഉറപ്പ് വരുത്തുന്നുണ്ട്. ഒ.പി വിഭാഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി ആർദ്രം പദ്ധതി പോലുള്ള സ്കീം ഉപയോഗിച്ച് ഡിജിറ്റൽ ടോക്കൺ സമ്പ്രദായം, ശീതീകരണ പ്രവർത്തികൾ എന്നിവ ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒ.പി യിൽ വരുന്ന രോഗികളുടെ സൗകര്യാർത്ഥം കൂടുതൽ ടോയ്‌ലെറ്റ് സൗകര്യവും മുലയൂട്ടുന്നതിനു പ്രത്യേകം മുറിയും സജ്ജമാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഒ.പി യിൽ വരുന്ന രോഗികൾക്ക് ഒ.പി സമയം മുൻകൂട്ടി ബുക്ക് ചെയ്യുന്നതിന് കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള ആപ്പുകൾ ആർദ്രം പദ്ധതി ഉപയോഗിച്ച് നടപ്പിൽ വരുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം കൂടുതൽ സൗകര്യം ഉള്ള വെയ്റ്റിംഗ് ലോബികൾ നിർമ്മിക്കാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികളെ ചുവപ്പ്, മഞ്ഞ, പച്ച എന്നിങ്ങനെ മൂന്ന് ഗ്രൂപ്പുകളായി തിരിക്കുന്നു. ഗുരുതര രോഗികളെ** |

| | | | |
|---|---|---|---|
| | | | **ശാരീരിക ക്ഷമത കൈവരിച്ചതിനുശേഷം എമർജൻസി വിഭാഗത്തിൽ നിന്നും മറ്റ് അതാത് വിഭാഗങ്ങളിലേയ്ക്ക് മാറ്റുന്നു. മഞ്ഞ വിഭാഗത്തിൽപ്പെടുന്ന രോഗികളെ നേരിട്ട് അതാത് വിഭാഗങ്ങളിലേയ്ക്ക് മാറ്റുന്നു. ഇ-ഹെൽത്ത് സംവിധാനം നടപ്പിലാക്കി വരുന്നു. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനു പരിശീലന പരിപാടികൾ നടപ്പിലാക്കും. അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികൾക്ക് മാർഗ നിർദ്ദേശം നൽകുന്നതിനും രോഗികളുടെ കൂട്ടിരിപ്പുകാരുമായി ആശയവിനിയമയം നടത്തുന്നതിനുമായി പേഷ്യന്റ് ഫെസിലിറ്റേറ്റർമാരെ നിയമിക്കും. അത്യാഹിത വിഭാഗത്തിന് ഇൻഷുറൻസ് ആനുകൂല്യം ലഭ്യമാക്കുന്നതിന് കാഷ്വാലിറ്റിയിൽ 24 മണിക്കൂർ കാസ്പ് കൗണ്ടർ പ്രവർത്തിപ്പിക്കുന്നതാണ്. എല്ലാത്തരം അന്വേഷണങ്ങൾക്കുമുള്ള ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിൽ വരുത്തും. അണുബാധ നിയന്ത്രണരീതികളും ബയോമെഡിക്കൽ മാലിന്യ സംസ്കരണവും ശക്തിപ്പെടുത്തുന്ന രീതികൾ അവലംബിക്കുന്നതാണ്. കാഷ്വാലിറ്റിയിൽ എത്തുന്ന രോഗികൾക്ക് യഥാസമയം ട്രോളികളും വീൽചെയറുകളും ലഭ്യമാക്കുന്നതിനും അവയുടെ കാര്യക്ഷമമായ ഉപയോഗത്തിനും ട്രോളി സ്റ്റാഫുകളെ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.** |
| (ബി) | മെഡിക്കൽ കോളേജിലെ ഉൾപ്പെടെയുള്ള കാഷ്വാലിറ്റികളിൽ മുതിർന്ന ഡോക്ടർമാരുടെ സേവനം ഷിഫ്റ്റ് അടിസ്ഥാനത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ? | (ബി) | **കാഷ്വാലിറ്റികളിൽ അസിസ്റ്റന്റ് പ്രൊഫസർ റാങ്കിൽ കുറയാത്ത മുതിർന്ന ഡോക്ടർമാരുടെ സേവനം നൽകി വരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ